പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1101 20/03/2012 ൽ മറുപടിയ്ക്ക്

**വില്ലേജ് ആഫീസ് കമ്പ്യൂട്ടർവൽക്കരണം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ: | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) വില്ലേജ് ആഫീസുകൾ കമ്പ്യൂട്ടർവൽക്കരണത്തിനു മാത്രമായി ഡേറ്റാ എൻട്രി, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി സംസ്ഥാനത്തൊട്ടാകെ ആകെ എത്ര തുക ഇതിനകം ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) | വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർ വൽക്കരണം കേന്ദ്രാവിഷ്കൃത പദ്ധതികളായ SRA & ULR, CLR, NLRMP (100% CSS & 50% CSS) എന്നീ പദ്ധതികൾ മുഖേന 1988-89 മുതൽ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികൾ പ്രകാരം 2008-09 വരെ വിവിധ ഏജൻസികളായ സർവ്വെ ആന്റ് ലാന്റ് റിക്കാർഡ്സ് വകുപ്പ്, ഐ.എൽ.ഡി.എം, ജില്ലാ കളക്ടറേറ്റുകൾ, സ്റ്റേറ്റ് ലാന്റ് ബോർഡ് എന്നിവ വഴി ഏകദേശം 576.50 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പ് ലക്ഷ്യമിട്ട് 2008 നവംബർ മാസത്തിൽ സ്റ്റേറ്റ് ഐ.റ്റി.സെൽ എന്ന സംവിധാനം റവന്യൂ വകുപ്പിൽ നിലവിൽ വരികയും പ്രസ്തുത സെൽ വഴി 2009-10 സാമ്പത്തിക വർഷത്തിൽ 177.32 ലക്ഷം രൂപയും 2010-2011 സാമ്പത്തിക വർഷത്തിൽ 107.5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിൽ സ്റ്റേറ്റ് ഐ.റ്റി.സെൽ (റവന്യൂ) വഴി ചെലവാക്കിയ തുക മുഴുവനും സംസ്ഥാനത്തെ റവന്യൂ ഓഫീസുകളുടെ മുഴുവൻ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും പരിപാലനത്തിനും വില്ലേജ് ഓഫീസുകളിൽ പുതുതായി കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നതിനുമായിട്ടാണ് ചെലവഴിച്ചിട്ടുള്ളത്. |

ഡേറ്റാ എൻട്രിക്കായി ഐ.റ്റി.സെൽ വഴി തുക ചെലവഴിച്ചിട്ടില്ലാത്തതും 2008 ന് മുൻപ് തുക ചെലവഴിച്ച് എൻട്രി ചെയ്ത ഡേറ്റാ പരിശോധിക്കുകയും അവ ഉപയോഗപ്രദമാക്കി യെടുക്കുകയുമാണ് ചെയ്തത്.

(ബി) നിലവിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം സംസ്ഥാനത്തെ എത്ര വില്ലേജിൽ സാദ്ധ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ 9 ജില്ലകളിലെ റീസർവ്വെ പൂർത്തിയാക്കിയ 573 വില്ലേജുകളിലാണ് ReLIS പദ്ധതി പ്രകാരം ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടറൈസേഷൻ നടന്നുവരുന്നത്. ഇ-ഡിസ്ട്രിക്റ്റ് പദ്ധതി കണ്ണൂർ, പാലക്കാട് എന്നീ ജില്ലകളിലെ 239 വില്ലേജുകളിൽ ഇപ്പോൾ നടന്നുവരുന്നു.

(സി) സമയബന്ധിതമായി സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിനുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എൽ.ആർ.എം.പി. പദ്ധതിയുടെ 100% CSS ഫണ്ടാണ് ഇതിനായി വിനിയോഗിക്കുന്നത്. കേരളത്തിലെ റീ-സർവ്വെ പൂർത്തിയാക്കിയ 766 വില്ലേജുകളിലെ റിക്കാർഡുകളുടെ കമ്പ്യൂട്ടറൈസേഷൻ ആണ് ആദ്യമായി ലക്ഷ്യമിടുന്നത്. ഇതിനായി തെരഞ്ഞെടുത്ത കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ 9 ജില്ലകളിലെ 573 റീ-സർവ്വെ പൂർത്തിയാക്കിയ വില്ലേജുകളിലെ, ബി.റ്റി.ആർ എൻട്രികളും തണ്ടപ്പേർ എൻട്രികളും യുദ്ധകാല അടിസ്ഥാനത്തിൽ കമ്പ്യൂട്ടറൈസ് ചെയ്യുകയും ചെയ്തു. കൂടാതെ ഓൺ ലൈനായി പോക്കുവരവ് നടത്തുന്നതിലേയ്ക്കായി എൻ.ഐ.സി.യുടെയും, ഐ.റ്റി.സെല്ലിന്റെയും പ്രവർത്തന ഫലമായി റെലിസ് (ReLIS) എന്ന പ്രോഗ്രാം ഡവലപ്പ് ചെയ്യുകയും പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ കീഴിൽ വരുന്ന 16

വില്ലേജുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തി വരുകയും ചെയ്യുന്നു. പ്രസ്തുത പരിപാടി സർക്കാരിന്റെ ഒരു വർഷ പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത 573 വില്ലേജുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തുടർന്ന് റീ-സർവ്വെ പൂർത്തീകരിച്ച എല്ലാ വില്ലേജുകളിലും ഓൺ ലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ പുരോഗമിച്ചു വരുന്നു.

കേന്ദ്രസർക്കാരിന്റെ NeGP (നാഷണൽ ഇ-ഗവേർണൻസ് പ്ലാൻ) പദ്ധതിയിൻ കീഴിൽ കേരള സ്റ്റേറ്റ് ഐ.റ്റി.മിഷനും, ലാന്റ് റവന്യൂ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഇ-ജില്ലാ പദ്ധതി പൈലറ്റടിസ്ഥാനത്തിൽ പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലെ വില്ലേജ് ആഫീസുകളിൽ നടന്നു വരുന്നു. ഈ പദ്ധതിയിൻ പ്രകാരം വില്ലേജാഫീസുകൾ വഴി വിതരണം ചെയ്യുന്ന 23 സർട്ടിഫിക്കറ്റുകൾ കമ്പ്യൂട്ടർ വൽക്കരിച്ച് അക്ഷയ കേന്ദ്രങ്ങൾ വഴി പൊതുജനസൗകര്യാർത്ഥം വിതരണം ചെയ്യുന്നു. പൊതുജനങ്ങൾക്ക് പരമാവധി സൗകര്യപ്രദമാവും വിധത്തിൽ തൊട്ടടുത്തുള്ള അക്ഷയ കേന്ദ്രങ്ങളിൽ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതും അവിടെ നിന്നു തന്നെ പ്രസ്തുത സർട്ടിഫിക്കറ്റുകൾ കൈപ്പറ്റാവുന്നതുമാണ്. പരമാവധി സുതാര്യവും, വേഗത്തിലും, അഴിമതി രഹിതവുമായ ഒരു നടപടി ക്രമമാണ് ഇ-ജില്ലാ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

സെക്ഷൻ ഓഫീസർ